സംസ്ഥാന ചരക്കു സേവന നികുതി കമ്മീഷണറുടെ കാര്യാലയം
സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്, തിരുവനന്തപുരം

ഇ-മെയിൽ: cstintadm.sgst@kerala.gov.inഫോൺ: 0471- 2785300

---

## പത്രക്കുറിപ്പ്

### ജി.എസ്.ടി.ഇന്റലിജൻസ് വിഭാഗം100 കോടി രൂപയിലധികം വരുന്ന നികുതി വെട്ടിപ്പ് പിടികൂടി

തൃശൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന ഹൈറിച്ച് ഓൺലൈൻ ഷോപ്പി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ കാസർകോട് ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം നടത്തിയ പരിശോധനയിൽ 100 കോടി രൂപയിലധികം വരുന്ന നികുതി വെട്ടിപ്പ് പിടികൂടി. ഡിജിറ്റൽ കൂപ്പൺ, പ്രിവിലേജ്ഡ് ഐഡി എന്നീ സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക വഴി കമ്പനി ഈടാക്കുന്ന നികുതിവിധേയമായ വരുമാനമാണ് നികുതി അടക്കാതെ മറച്ചു വെക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയത്. ഇന്റലിജൻസ് വിഭാഗത്തിന്റെ വിശദമായ പരിശോധനയെത്തുടർന്ന് കമ്പനി എം.ഡി. കുറ്റം സമ്മതിക്കുകയും 51.5 കോടി രൂപ നികുതിയിനത്തിൽ ഒടുക്കുകയും ചെയ്തു. വിശദമായ ചോദ്യം ചെയ്യലിനുശേഷം, കമ്പനി എം.ഡി കെ.ഡി. പ്രതാപന്റെ അറസ്റ്റ് രേഖപ്പെടുത്തി. നികുതിവെട്ടിപ്പുകൾക്കെതിരെയുള്ള അന്വേഷണവും നടപടികളും ശക്തമായി തുടരും.

കമ്മീഷണർ
സ്റ്റേറ്റ് ജി.എസ്.ടി ഡിപ്പാർട്ടുമെൻറ്

OFFICE OF THE COMMISSIONER STATE G.S.T.D KERALA
THIRUVANANTHAPURAM